# കാലിത്തീറ്റ തയ്യാറാക്കുമ്പോൾ



കൃഷി വിജ്ഞാന കേന്ദ്രം
കേരള കാർഷിക സർവ്വകലാശാല
വയനാട് - 673 593

കാലിത്തീറ്റ സ്വന്തമായി നിർമ്മിക്കുമ്പോൾ കഴിവതും നാട്ടിൽതന്നെ ലഭിക്കുന്നതും വിലകുറഞ്ഞതും പോഷക മേന്മയുള്ളതുമായ വസ്തുക്കൾ ഉപയോഗിക്കണം. പ്രോട്ടീൻ (മാസ്യം) കാർബോ ഹൈഡ്രേറ്റ് (അന്നജം) കൊഴുപ്പ് എന്നിവ അടങ്ങിയ ചേരുവകൾക്ക് പ്രാധാന്യം നൽകണം. പിണ്ണാക്കുകൾ, തവിട്, ചോളം, കാർഷിക ഉൽപന്നങ്ങൾ എന്നിവ ഇതിനായി ഉപയോഗിക്കാം. മാസ്യം കൂടുതലുള്ള ചേരുവകൾക്ക് മുൻഗണന നൽകണം. നിലക്കടല പിണ്ണാക്കിൽ 40-45 %, തേങ്ങാപിണ്ണാക്കിൽ 25%, പരുത്തിക്കുരു പിണ്ണാക്കിൽ 38-40% എള്ളിൻ പിണ്ണാക്കിൽ 39-40% മാംസ്യമുണ്ട്.

ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ് പ്രകാരം കറവപശുക്കളുടെ തീറ്റയിൽ 14-16% ആകെ ദഹ്യപ്രോട്ടീനും, 65% ആകെ ദഹ്യ പോഷകങ്ങളും വേണം. ഈർപ്പം 10 ശതമാനത്തിൽ കൂടുവാനും പാടില്ല.

താഴെ കൊടുത്തിരിക്കുന്ന ചേരുവകൾ നിശ്ചിത അനുപാതത്തിൽ ചേർത്ത് കറവപ്പശുക്കൾക്കുള്ള തീറ്റ മിശ്രിതം നിർമ്മിക്കാം.



*നാലു തീറ്റ മാതൃകകൾ*

| ചേരുവകൾ | തീറ്റ (1) ശതമാനം | തീറ്റ (2) ശതമാനം | തീറ്റ (3) ശതമാനം | തീറ്റ (4) ശതമാനം |
|---|---|---|---|---|
| നിലക്കടല പിണ്ണാക്ക് | 32 | 30 | 33 | 32 |
| തേങ്ങാ പിണ്ണാക്ക് | - | 10 | - | - |
| എള്ളിൻ പിണ്ണാക്ക് | 5 | - | - | - |
| അരി തവിട് | 30 | 30 | 30 | 30 |
| മഞ്ഞച്ചോളം | - | - | - | 15 |
| ഉണക്കക്കപ്പ | 30 | 27 | 24 | 20 |
| തോടു കളഞ്ഞ പുളിങ്കുരു | - | - | 10 | - |
| ഉപ്പ് | 1.5 | 1.5 | 1.5 | 1.5 |
| ധാതുലവണ മിശ്രിതം | 1.5 | 1.5 | 1.5 | 1.5 |

## കാലിത്തീറ്റ കൈകാര്യം ചെയ്യുമ്പോൾ

വിശ്വാസ്യത തെളിയിച്ച വ്യാപാര നാമങ്ങളിലുള്ള തീറ്റ വാങ്ങുക. ഉൽപാദന തീയതി രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധിക്കുക. പൊടിത്തീറ്റ ഉൽപാദന തീയതിതൊട്ട് ഒരു മാസത്തിനകവും തിരിത്തീറ്റ മൂന്നുമാസത്തിനകവും ഉപയോഗിച്ചു തീർക്കാൻ ശ്രദ്ധിക്കണം. കടയിൽ കാലിത്തീറ്റ സൂക്ഷിക്കുന്ന സാഹചര്യവും ശ്രദ്ധിക്കുക. തറയിൽ നിന്നുയർത്തി പലകയുടെ പുറത്ത് ഭിത്തിയിൽ തൊടാത്ത വിധം വേണം കാലിത്തീറ്റ സൂക്ഷിക്കേണ്ടത്. വീട്ടിലും ഇതേപോലെ തന്നെ സൂക്ഷിക്കണം. തീറ്റ കേട് വരാതിരിക്കാൻ ഇത് ആവശ്യമാണ്.

കടയിൽ നിന്നും ചില്ലറയായി വാങ്ങുമ്പോൾ നിറവും മണവും നോക്കുക. കേടില്ലാത്ത പുതിയ കാലിത്തീറ്റയ്ക്ക് നല്ല മണവും സ്വർണ്ണ നിറവുമുണ്ടായിരിക്കും. തീറ്റയിൽ വെളുത്ത പൊട്ടുകൾ കാണുന്നതു പൂപ്പലിന്റെ ലക്ഷണമാണ്.

നനഞ്ഞ തവിടുകൊണ്ടോ പാത്രംകൊണ്ടോ ചാക്കിൽനിന്നും തീറ്റയെടുക്കരുത്. തീറ്റയെടുത്താലുടനെ ചാക്ക് കെട്ടിവയ്ക്കണം. അല്ലെങ്കിൽ പൂച്ചയോ, എലിയോ അതിൽ മൂത്രമൊഴിക്കാനിടയാകും. ഇതുപൂപ്പൽ ബാധയ്ക്കും ഇടയാക്കും.

പൊടിത്തീറ്റയാണെങ്കിൽ വെള്ളത്തിൽ കുഴച്ചു കൊടുക്കുക. തിരിത്തീറ്റ അങ്ങനെതന്നെ കൊടുത്താൽ മതി. ആവശ്യമെങ്കിൽ അൽപംവെള്ളം തളിക്കാം. ആവശ്യത്തിനു വെള്ളം പ്രത്യേകം കൊടുക്കുകയാണ് നല്ലത്.

**തയ്യാറാക്കിയത്**

ഡോ. എ. രാധമ്മ പിള്ള, പ്രൊഫസർ & ഹെഡ്, കെ.വി.കെ., വയനാട്

**പ്രസിദ്ധീകരിക്കുന്നത്**

പ്രൊഫസർ & ഹെഡ്, കൃഷിവിജ്ഞാന കേന്ദ്രം, വയനാട് - 673 593.

ഫോൺ - 04936 - 260411, ഫാക്സ് 04936 - 260411